നം. ഇ.എസ് 2-30876/2009/ആവഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 23.12.2017

# നോട്ടീസ്

വിഷയം:- ആവഡ – ക്ലാർക്കുമാരുടെ 01.01.2003 മുതൽ 31.12.2008 വരെയുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി പൂവാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ശ്രീമതി. ആശാലത. എസ് നൽകിയ അപേക്ഷ പരിഗണിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1) 21.06.2017 ലെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ 2743/2017 നമ്പർ കത്ത്.
2) ജി.ഒ(എം.എസ്) നം.144/02/ആകുവ തീയതി 24.06.2002
3) ഉത്തരവ് നം. ഇ.ഡി1-6/06/ആവഡ തീയതി 01.08.2006
4) 18.08.2006 ലെ കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ കത്ത്
5) 26.11.2006 ലെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2(കെ.ഡിസ്)28557/09 നമ്പർ കത്ത്.

ആരോഗ്യ വകുപ്പിലെ ക്ലാർക്കുമാരുടെ 01.01.2003 മുതൽ 31.12.2008 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി പൂവാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ആയ ശ്രീമതി. ആശാലത. എസ് ന്റെ അപേക്ഷ സൂചന 1 പ്രകാരം അയച്ചു നൽകിയിരിക്കുന്നു.

ശ്രീമതി. ആശാലത. എസ് ആശ്രിത നിയമനം വഴി സൂചന 2 പ്രകാരം സർക്കാർ ഉത്തരവിന്റെയും സൂചന 4 പ്രകാരം ജില്ലാ മെഡിക്കൽ ആഫീസറുടെയും നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 30.08.2006 ൽ ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചു. 07/2008 ൽ എം.ഒ.പി പാസ്സായതനുസരിച്ച് സൂചന 5 പ്രകാരമുള്ള തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ ഉത്തരവിൻ പ്രകാരം 30.08.2008 ൽ പരിവീക്ഷാകാലം പൂർത്തീകരിക്കുകയും ചെയ്തു.

ടിയാന്റെ പേര് 01.01.2003 മുതൽ 31.12.2008 വരെയുള്ള കാലയളവിലെ എൽ.ഡി ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തിയിരുന്നില്ല.

18.08.2006 ലെ കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ സൂചന 4 പ്രകാരമുള്ള ഉത്തരവിന്മേൽ സർവ്വീസിൽ പ്രവേശിച്ച ടിയാനെ 01.01.2003 മുതൽ 31.12.2008 വരെയുള്ള നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ 298 A എന്ന സ്ഥാനത്ത് ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്.

| നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത വകുപ്പ്തല പരീക്ഷ പാസായതിന്റെ വിവരങ്ങൾ | പി.എസ്.സി അഡ്വൈസ് സർക്കാർ ഉത്തരവ്/ഡി.എച്ച്.എസ്/ ഡി.എം.ഒ യുടെ നിയമന ഉത്തരവ് | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോറിറ്റി കണക്കാക്കിയ തീയതി | നിലവിലെ റാങ്ക് നം. | പുതുക്കിയ റാങ്ക് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | T.S.Sambodkumar | 17.05.71 | SSLC, MOP | EV(2)525/05/KPSC EKM dtd 17/08/06, No. A2-8504/06/DMOH EKM dtd 06.11.06 | 23.11.06 | 17.08.06 | 298 | 298 | |
| 2 | Ashalatha. S | 27.05.75 | SSLC, MOP 7/08 | GO(MS) No.144/02/H&FWD dtd 24.06.02, Order No. A4-4009/05/ dtd 18.08.06 of DMOH Kannur | 30.06.06 | 18.08.06 | - | 298 A | |
| 3 | Harija. K | 23.03.74 | SSLC AT(L) | PII (3) 666/05(2) dtd 23.08.06, A2/1896/04(2)DMOH PKD dtd 28.08.06 | 31.08.06 | 23.08.06 | 299 | 299 | |

ഒപ്പ്/-
സി.എം. അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

1) ശ്രീമതി. ആശാലത. എസ്, ക്ലാർക്ക്, സി.എച്ച്.സി പൂവാർ
2) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
3) ഫയൽ/സ്റ്റോക്ക് ഫയൽ

// ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്